# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1479** **16.03.2015** -ൽ മറുപടിക്ക്

## കൊച്ചിൻ ബിനാലെ പദ്ധതി

ചോദ്യം

ശ്രീ.ടി.എം.തോമസ് ഐസക് :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചിൻ ബിനാലെ പദ്ധതി സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചത് ഏത് കാലയളവിലാണ് ; ഇത് സംബന്ധിച്ച ആദ്യ മന്ത്രിസഭാ തീരുമാനം വിശദമാക്കാമോ ; | (എ) | 2012 ഡിസംബർ മുതൽ 2013 മാർച്ച് വരെയാണ് ആദ്യ ബിനാലെ നടന്നത്. ഇതിനായി 5 കോടി രൂപ മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റിൽ നിന്നും അനുവദിക്കുന്നതിന് 06.10.2010 ലെ മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ബിനാലെയുടെ പിന്നിട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ; | (ബി) | ഒന്നാമത്തെ ബിനാലെയുടെ മുന്നോടിയായി കൊച്ചിയിലെ ഡർബാർ ഹാൾ അന്തർദ്ദേശീയ നിലവാരമുള്ള സമകാലിക കലാപ്രദർശന ഗ്യാലറിയായി നവീകരിച്ചു. ഇത് ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും നല്ല നിലവാരമുള്ള അന്തർദ്ദേശീയ സമകാലിക കലാഗ്യാലറിയാണ്. ആദ്യ ബിനാലെയിൽ ഇന്ത്യ ഉൾപ്പെടെ 23 രാജ്യങ്ങളിൽ നിന്നും 78 ആർട്ടിസ്റ്റുകളുടെ കലാ സൃഷ്ടികൾ പ്രദർശിപ്പിച്ചിരുന്നു. ഏകദേശം 4 ലക്ഷത്തോളം പേർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ബിനാലെ കാണാൻ എത്തിയിരുന്നു. |
| (സി) | ബിനാലെയ്ക്ക് വേണ്ടി ആദ്യഘട്ടത്തിൽ പരിശ്രമം നടത്തിയവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ ; എങ്കിൽ ആ തീരുമാനം പിന്നീട് വേണ്ടെന്ന് വച്ചതിന്റെ കാരണം എന്തായിരുന്നു ; | (സി) | ബിനാലെ നടത്തിപ്പിന് സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം ചെലവഴിച്ചതിലെ അപാകതകൾ ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് സാംസ്കാരിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഉന്നത സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്ന ബില്ലുകളും വൗച്ചറുകളും സ്വീകരിച്ച് തുടർ സാമ്പത്തിക സഹായം അനുവദിക്കുകയും വിജിലൻസ് അന്വേഷണം വേണ്ടെന്ന് വയ്ക്കുകയും ചെയ്തു. |
| (ഡി) | ബിനാലെയ്ക്ക് ആദ്യഘട്ടം സർക്കാർ സഹായം നൽകിയ നടപടി വിമർശിക്കപ്പെട്ടിരുന്നുവോ എന്ന് വ്യക്തമാക്കുമോ ; ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക വീതം ബിനാലെയ്ക്ക് നൽകിയിട്ടുണ്ട് ; | (ഡി) | ബിനാലെയ്ക്ക് ആദ്യം നൽകിയ ധനസഹായം സംബന്ധിച്ച് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ശരിയായ രീതിയിൽ അക്കൗണ്ട്സ് സൂക്ഷിച്ചിട്ടില്ലെന്നും എക്സിബിഷൻ നടത്തുവാനായി അനുവദിച്ച തുക ശരിയായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കാതെയും ശരിയായി ഓഡിറ്റ് നടത്തുകപോലും ചെയ്യാതെയുമാണ് സർക്കാർ വീണ്ടും തുക അനുവദിച്ചതെന്നും വിമർശിക്കപ്പെട്ടിരുന്നു. ഈ |

| | | | |
|---|---|---|---|
| | | | സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുസിരീസ് ബിനാലെ ആഘോഷത്തിന്റെ ആദ്യ എഡിഷനുവേണ്ടി (2012 ഡിസംബർ മുതൽ 2013 മാർച്ച് വരെ) 4 കോടി രൂപയും രണ്ടാമത്തെ എഡിഷനുവേണ്ടി (2014 ഡിസംബർ മുതൽ 2015 മാർച്ച് വരെ) 2 കോടി രൂപയും (ആകെ 6 കോടി രൂപ) കൊച്ചി ബിനാലെ ഫൗണ്ടേഷനു നൽകിയിട്ടുണ്ട്. |
| (ഇ) | ബിനാലെ സംഘടിപ്പിക്കുക വഴി സംസ്ഥാനത്തിനുള്ള നേട്ടം വിശദമാക്കാമോ ? | (ഇ) | ലോക സമകാലിക കലയ്ക്ക് ഇന്ത്യയിൽ കടന്ന് വരാനുള്ള വേദിയാണ് കൊച്ചി മുസിരിസ് ബിനാലെ. കൊച്ചി-മുസിരിസ് ബിനാലെ കേരളീയർക്ക് ലോക സമകാലിക കല നേരിട്ട് കാണാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. ഇത് സമകാലിക കലാ വിദ്യാഭ്യാസത്തിന് വളരെയധികം പ്രയോജനം ചെയ്തിട്ടുണ്ട്. ബിനാലെ സംഘടിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ബിനാലെയുടെ ഭാഗമായി നടത്തുന്ന സ്റ്റുഡൻസ് ബിനാലെ കലാ രംഗത്തെ വിദ്യാർത്ഥികൾക്ക് പ്രചോദനമേകാൻ സഹായിച്ചിട്ടുണ്ട്. ബിനാലെ നടത്തിപ്പ് മൂലം കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിഞ്ഞതും ആഗോള സാംസ്കാരിക ഭൂപടത്തിൽ കൊച്ചിയേയും കേരളത്തേയും രേഖപ്പെടുത്താൻ കഴിഞ്ഞതും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവ്വേകാൻ കഴിഞ്ഞതും അഭിമാനകരമായ നേട്ടമാണ്. അന്തർദ്ദേശീയ കൺസൾട്ടിംഗ് സ്ഥാപനമായ കെ.പി.എം.ജി. നടത്തിയ പഠനം കൊച്ചി മുസിരിസ് ബിനാലെ സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ ടൂറിസം മേഖലകളിൽ ഉണർവ്വുള്ള പ്രതിഫലനങ്ങൾ ഉണ്ടാക്കിയെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. |

Saradadevi U

സെക്ഷൻ ഓഫീസർ